സൃഷ്ടിപരതയ്ക്ക് കുത്തകാവകാശം ആവശ്യമില്ല _പ്രൊഫ. മോഗ്ലൻ

തിരുവനന്തപുരം: സൃഷ്ടിപരമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ കുത്തകാവകാശം നൽകണമെന്ന വാദം ശരിയല്ലെന്ന് സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനങ്ങളുടെ വക്താവായ പ്രൊഫ. എബൻ മോഗ്ലൻ അഭിപ്രായപ്പെട്ടു. പേറ്റന്റിനെയും പകർപ്പവകാശത്തെയും കുറിച്ച് ആസൂത്രണ ബോർഡ്, ഐ.ടി. മിഷൻ, ഫ്രീ സോഫ്റ്റ്‌വെയർ ഫൌണ്ടേഷൻ ഓഫ് ഇന്ത്യ എന്നിവ സംയുക്തമായി സംഘടിപ്പിച്ച ശില്പശാലയിൽ മുഖ്യപ്രഭാഷണംനടത്തുകയായിരുന്നു അദ്ദേഹം.

സമീപകാലത്ത് ഏറ്റവുമധികം സ്വത്ത് സമ്പാദിച്ച മൈക്രോസോഫ്റ്റ് ഉടമ ബിൽഗേറ്റ്സിന്റെ വിജയചരിത്രമാണ് തന്റെ വാദം ന്യായീകരിക്കാൻ പ്രൊഫ. മോഗ്ലൻ എടുത്തുകാട്ടിയത്. 'സൃഷ്ടിപരമായ പ്രവർത്തനങ്ങളിലൂടെ ആയിരുന്നില്ല ഗേറ്റ്സിന്റെ പണം മുഴുവൻ വന്നത്. മറ്റുള്ളവർ നിർമിച്ച സോഫ്റ്റ്‌വെയറുകൾ സ്വന്തമാക്കിയും അതിന്റെ ഉപയോക്താക്കളെ നിയന്ത്രിച്ചും മൈക്രോസോഫ്റ്റിന്റെ ആസ്തി കുമിഞ്ഞുകൂടി. അസൂയാവഹമായ വളർച്ചയ്ക്കിടെ ഗേറ്റ്സ് സ്വന്തമായി കണ്ടെത്തിയ വസ്തുക്കൾ വളരെ ചുരുക്കമാണ്'_ കൊളംബിയൻ സർവകലാശാലയിലെ അധ്യാപകനായ അദ്ദേഹം ചൂണ്ടിക്കാട്ടി.

അതിരുകളില്ലാത്ത സ്വാതന്ത്ര്യമാണ് രണ്ടാംലോക മഹായുദ്ധത്തിന് ശേഷം അമേരിക്ക കൈവരിച്ച വളർച്ചയ്ക്ക് നിദാനമെന്ന് പ്രൊഫ. മോഗ്ലൻ പറഞ്ഞു. എന്നാൽ, സമൂഹനന്മയ്ക്കുതകുന്ന ഏതെങ്കിലും വസ്തുവിന് മറ്റാരെങ്കിലും പേറ്റന്റ് സ്വന്തമാക്കാൻ ശ്രമിച്ചാൽ ലോകവ്യാപാര കരാറിന്റെയും മറ്റുംപേരുപറഞ്ഞ് അതിനെ ചെറുക്കാൻ ഇന്ന് മുൻപന്തിയിൽ നിൽക്കുന്നതും അമേരിക്കതന്നെ. പൊതുനന്മയ്ക്കുതകുന്ന സോഫ്റ്റ്‌വെയറുകൾക്ക് ആർക്കും പേറ്റന്റ് നൽകരുത്. അറിയാത്തത് അറിയാനും സംശയമുള്ളത് പരിശോധിച്ചുനോക്കാനും കൂടുതൽ കാര്യങ്ങൾ കണ്ടെത്താനും ശാസ്ത്രം അവസരമൊരുക്കുന്നു. ഇപ്പോഴത്തെ പേറ്റന്റ് നിയമങ്ങൾ ശാസ്ത്രത്തിന്റെ അടിസ്ഥാന തത്ത്വത്തിനുതന്നെ എതിരാണ്. കഴിഞ്ഞ 10 വർഷത്തെ അമേരിക്കൻ നിയമചരിത്രമെടുത്ത് നോക്കിയാൽ അസംബന്ധനീതിനിഷേധങ്ങളുടെ ഒട്ടേറെ ഉദാഹരണങ്ങൾ കാണാനാവുമെന്നും അദ്ദേഹം പറഞ്ഞു.

ഇപ്പോഴത്തെ ഇലക്ട്രോണിക് ലോകത്തെ നിയന്ത്രിക്കാനാണ് എല്ലാവരും ശ്രമിക്കുന്നത്. അതിൽ വിജയിക്കുന്നവർ കരുത്തരായി ജീവിക്കുന്നു. പരാജിതരാവുന്നവർ വിജയികളെ ആശ്രയിച്ചുജീവിക്കുന്നു. ഇതിനിടെയുണ്ടാവുന്ന ഘർഷണത്തെ നിയന്ത്രിക്കാൻ ഏകമാർഗം സ്വതന്ത്ര സോഫ്റ്റ്‌വെയറാണ്. വ്യക്തിപരമായ നേട്ടങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുപകരം ചെറുസമൂഹങ്ങൾ രൂപവത്കരിച്ചുള്ള കൂട്ടായ പ്രവർത്തത്തെ പ്രോത്സാഹിപ്പിക്കണം. എതിർപ്പിനെ എതിർത്ത് തോല്പിക്കാനുള്ളശക്തി ഇത്തരം ചെറുസമൂഹങ്ങളിലൂടെ ആർജിക്കാനാവുമെന്നും പ്രൊഫ. മോഗ്ലൻ പറഞ്ഞു.

വിജ്ഞാനത്തിന്റെ കുത്തകവത്കരണത്തിനെതിരെ പ്രവർത്തിക്കുന്ന പ്രൊഫ.മോഗ്ലൻ ലോക ഐ.ടി. മേഖലയിലെ 100 പ്രധാന വ്യക്തിത്വങ്ങളിലൊരാളായി പരിഗണിക്കപ്പെടുന്നയാളാണ്. ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. പ്രഭാത് പട്നായിക് ശില്പശാലയിൽ അധ്യക്ഷനായിരുന്നു. ഐ.ടി. സ്പെഷ്യൽ സെക്രട്ടറി കെ.ആർ. ജ്യോതിലാലും സംബന്ധിച്ചു.